# Malayala Manorama

## 19 August 2018

## Idukki, Flood, Landslide, Rain Havoc

### ഇടുക്കി

# ഒറ്റപ്പെട്ട്



- ചെറുതോണി, തടിയമ്പാട്, അടിമാലി, മൂന്നാർ, കട്ടപ്പന, നെടുങ്കണ്ടം ദുരിതത്തിൽ.
- ചെറുതോണി, അടിമാലി, മൂന്നാർ പൂർണമായും ഒറ്റപ്പെട്ട സ്ഥിതിയിലാണ്.
- ചെറുതോണിക്കു സമീപം ഉപ്പുതോട്, കട്ടപ്പന, നെടുങ്കണ്ടം മേഖലയിലെ ചേമ്പളം, കവുന്തി പ്രദേശങ്ങൾ, അടിമാലി, കൊന്നത്തടി, വെള്ളത്തൂവൽ പഞ്ചായത്തുകൾ, തൊടുപുഴ മേഖലയിലെ വണ്ണപ്പുറം, ഉടുമ്പന്നൂർ, വെള്ളിയാമറ്റം, അറക്കുളം പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ഇന്നലെ ഉരുൾപ്പൊട്ടൽ.
- പഴയ മൂന്നാറിൽ വെള്ളം ഇറങ്ങി. ശക്തമായ മഴയും മണ്ണിടിച്ചിലുമുള്ളതിനാൽ ഈ മേഖലയിലുള്ളവർ ദുരിതാശ്വാസ ക്യാംപുകളിൽ നിന്നു മാറിയിട്ടില്ല.
- വൈദ്യുതി -ഫോൺ ബന്ധങ്ങൾ താറുമാറായതിനാൽ വകുപ്പുകൾക്കു പരസ്പരം ബന്ധപ്പെടാൻ കഴിയാത്ത സ്ഥിതി. ഹൈറേഞ്ചിലാണു സ്ഥിതി രൂക്ഷം. അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിനും പ്രശ്നങ്ങൾ നിലനിൽക്കുന്നു.
- രോഗം ബാധിച്ചെത്തുന്നവരുടെ എണ്ണം കൂടുതലായതിനാൽ പല ആശുപത്രികളിലും ഇവരെ ഉൾക്കൊള്ളാനാകാത്ത സ്ഥിതിയാണ്. ആരോഗ്യവകുപ്പ് തുറക്കുമെന്നു പറഞ്ഞ താൽക്കാലിക ആശുപത്രികളിൽ പലതും ഇപ്പോഴും തുറന്നിട്ടില്ല.